(സി) ഉണ്ടെങ്കിൽ എത്ര ശതമാനം പലിശയിളവാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പു സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 7% പലിശയ്ക്കാണ് അനുവദിക്കുന്നത്.

(ബി&സി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പരമാവധി 3%പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡി ആയി അനുവദിക്കുന്നത്. നെൽകൃഷിക്ക് വായ്പ എടുത്ത കർഷകർക്ക് യഥാസമയം തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 7% പലിശ ഇളവായി അനുവദിക്കുന്നുണ്ട്.

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പുസാമ്പത്തികവർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കി നിൽപ്പുള്ള 37,20,954 രൂപ ഉൾപ്പടെ 1,22,77,952 രൂപ ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ 2013-14 വർഷത്തിൽ 37,56,071 രൂപ നെൽകർഷകർക്ക് പലിശ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

സുവർണ്ണ കേരളം പദ്ധതി

94 (440) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിക്കുന്നത്;

(സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷി രീതികളും ഉൽപാദനോപാദികളുമാണ് സഹകരണ സംഘങ്ങൾ മുഖേന കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല വഴി നടപ്പാക്കുക എന്നിവയാണ് സുവർണ്ണകേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. വിഷമയമില്ലാത്ത മികച്ച പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്കരണവും നടത്തിവരുന്നു.

(ബി) കേരളത്തിലുടനീളം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(സി) വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണത്തിന് പുറമെ മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയും സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറിവിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്തും, ഉണമേന്മയും അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷി ഫാം/നഴ്സറികളിൽ നിന്നും വാങ്ങിയും, സൗജന്യമായോ/മിതമായ വിലയ്ക്കോ വിതരണം ചെയ്യുവരുന്നു. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും, സേവന സന്നദ്ധതയുള്ള, സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കി സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly